# കേരളസർവകലാശാല

**നം.പി.ആർ.119/2023** **തിരുവനന്തപുരം, തീയതി: 15/06/2023**

## പത്രക്കുറിപ്പ്

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2023-2024 ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 20.06.2023 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്ര ങ്ങളിലും 2023-2024 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളി ലേയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി 2023 ജൂൺ 20 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ ഷെഡ്യൂൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്മെൻറ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മി ഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in) സന്ദർശിക്കുക.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2023-2024

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് താഴെ പ്പറയുന്ന കോളേജുകൾ/കോഴ്സുകൾ എന്നിവ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. അപേക്ഷകർക്ക് 2023 ജൂൺ 20 വരെ ഈ കോഴ്സുകളിലേക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| | |
|---|---|
| യു.ഐ.ടി, കരുവാറ്റ | ബി കോം കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |
| യു.ഐ.ടി, ആലപ്പുഴ | ബി സി എ |

***വിശദ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.***

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. (2021 സ്കീം & പ്രയർ ടു 2021 സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീ കരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് 2023 ജൂലൈ 3 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന തീയതിനീട്ടി

കേരളസർവകലാശാല 2023 ജൂൺ 5 ന് ഫലം പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി. പരീക്ഷകളുടെ (സപ്ലിമെന്ററി) വിദ്യാർത്ഥികൾക്ക് പുനർ

മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുന്നതിനുള്ള തീയതി 2023 ജൂൺ 20 വരെ നീട്ടിയിരിക്കുന്നു.

## പുതുക്കിയ ടൈംടേബിൾ/പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

കേരളസർവകലാശാലയുടെ ബി.എസ്‌സി. ആനുവൽ സ്കീം (ബി.എസ്‌സി., മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, സുവോളജി) മെയിൻ & സബ്സിഡിയറി ഏപ്രിൽ 2023 മേഴ്സിചാൻസ് പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. എസ്.ഡി.ഇ. കാര്യവട്ടം, എസ്.ഡി കോളേജ്, ആലപ്പുഴ, ശ്രീ നാരായണ കോളേജ്, കൊല്ലം എന്നിവയാണ് പരീക്ഷ കേന്ദ്രങ്ങൾ. പരീക്ഷാർത്ഥികൾ പരീക്ഷ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരള സർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സിന്റെ പതിനൊന്നാമത് ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു/തത്തുല്യം. ഫീസ് 3000 രൂപ. കാലാവധി 3 മാസം. സീറ്റുകൾ 20. താല്പര്യമുള്ളവർ ജൂൺ 16 ന് രാവിലെ 10 മണി മുതൽ കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിൽ ഫീസ് അടച്ച് അപേക്ഷ ഫോം പൂരിപ്പിച്ച് നൽകുക, അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി ജൂൺ 17 വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്ക്: www.arabicku.in/9633812633 **(ഓഫീസ് സമയങ്ങളിൽ വിളിക്കുക)**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**